**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2901 11-12-2014- ൽ മറുപടിക്ക്

**വിദ്യാർത്ഥികൾക്കിടയിലെ അക്രമത്തിനും സമരങ്ങൾക്കും അദ്ധ്യാപകരിൽ ഒരു വിഭാഗത്തിന്റെ പരോക്ഷമായ പ്രോത്സാഹനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :<br>ശ്രീ.പി.ബി.അബ്ദുൾ റസാക് :<br>ശ്രീ.എം.ഉമ്മർ : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കോളേജുകളിൽ വിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കവും പഠനതാല്പര്യവും പ്രോത്സാഹിപ്പിക്കേണ്ട അദ്ധ്യാപകരിൽ ഒരു വിഭാഗം വിദ്യാർത്ഥികൾക്കിടയിലെ അക്രമത്തിനും സമരങ്ങൾക്കും പരോക്ഷമായ പ്രോത്സാഹനം നല്കുന്ന കാര്യം സർക്കാർ ഗൌരവപൂർവ്വം വീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഈ ദുഷ് പ്രവണത ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോളജുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്കിടയിലെ അക്രമത്തിനും, സമരങ്ങൾക്കും അദ്ധ്യാപകർ പരോക്ഷമായ പ്രോത്സാഹനം നൽകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി) ഉന്നത വിദ്യാഭ്യാസ ക്യാമ്പസ്സുകളുടെ ക്രമസമാധാനം പോലീസ് കൈകാര്യം ചെയ്യേണ്ടി വരുന്ന ഗുരുതര സ്ഥിതിവിശേഷം ഒഴിവാക്കാൻ അടിയന്തരമായി ഇടപെടുമോ; | ബി) ഉന്നത വിദ്യാഭ്യാസ ക്യാമ്പസ്സുകളുടെ ക്രമസമാധാനം പോലീസ് കൈകാര്യം ചെയ്യേണ്ടി വരുന്ന സാഹചര്യം നാളിതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അത്തരം സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി ഇടപെടുന്നതാണ്. |

സെക്ഷൻ ഓഫീസർ